# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തുമ്പമൺ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്സ്.എ.പിറ്റിഎ.പി11/340/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 11/05/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുമ്പമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്സ്.എ.പിറ്റിഎ.പി11/340/2022 തീയ്യതി: 11/05/2022

## പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 15-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി.കെ വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 16-03-2022 | 26-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-03-2022 | 26-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സഖറിയ വർഗ്ഗീസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |

| | | | |
|---|---|---|---|
| ശ്രീമതി റോണി സഖറിയ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി ശ്രീലേഖ ആർ | സെക്രട്ടറി | 01-04-2020 | 11-02-2021 |
| ശ്രീമതി റമോള എം | സെക്രട്ടറി | 12-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ധന്യ | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ ബിജു പിള്ള റ്റി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ ശ്രീകല എസ്സ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 31-03-2021 |
| ഡോ മന്യ ജി എൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ ജിജി ഗംഗാധരൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ലത വി | ഐ സിഡി എസ്സ് സൂപ്പർവൈസർ | 01-04-2020 | 05-11-2020 |
| ശ്രീമതി ശ്രീദേവി റ്റി | ഐ സിഡി എസ്സ് സൂപ്പർവൈസർ | 06-11-2020 | 31-03-2021 |
| ശ്രീമതി പുഷ്പ എസ്സ് | കൃഷി ഓഫീസർ | 01-04-2020 | 03-11-2020 |
| ശ്രീമതി സന്ധ്യ ദാസ് ആർ | കൃഷി ഓഫീസർ (ഇൻ ചാർജ്) | 04-11-2020 | 04-01-2021 |
| ശ്രീമതി മേഘ എം ജി | കൃഷി ഓഫീസർ | 05-01-2021 | 31-03-2021 |
| ശ്രീ ബികാസ് ജി എസ്സ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി രാജശ്രീ ആർ | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി ചന്ദ്രലേഖ എൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: K S Deepa (Auditor, On 22-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Jayaprabha P (Asst. Audit Officer, On 26-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 29-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jayaprabha P (Asst. Audit Officer, On 23-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 18-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Jayaprabha P (Asst. Audit Officer, On 23-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayaprabha P (Asst. Audit Officer, On 24-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Jayaprabha P (Asst. Audit Officer, On 24-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: K S Deepa (Auditor, On 22-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: K S Deepa (Auditor, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: K S Deepa (Auditor, On 22-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-05-2022) | 1-10 |
| 11 | റീട്ടെയിൽ റേഷൻ ഡിപ്പോകളുടെ ലൈസൻസ്, തൊഴിൽനികുതി എന്നിവ ഈടാക്കുന്നില്ല.<br>Written By: K S Deepa (Auditor, On 22-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-05-2022) | 1-11 |
| 12 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: K S Deepa (Auditor, On 23-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 29-04-2022) | 1-12 |
| 13 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ – അവലോകനം<br>Written By: Kavya Krishnan (Auditor, On 23-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-05-2022) | 1-13 |
| 14 | ആട് വളർത്തൽ പദ്ധതി (പട്ടികജാതി) - അപാകതകൾ.<br>Written By: K S Deepa (Auditor, On 23-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 29-04-2022) | 1-14 |
| 15 | ഡിജിറ്റൽ പണമിടപാട് മൂലമുള്ള വരുമാന നഷ്ടം<br>Written By: K S Deepa (Auditor, On 24-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-05-2022) | 1-15 |
| 16 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ - മതിയായ ഫണ്ട് വകയിരുത്തിയില്ല.<br>Written By: K S Deepa (Auditor, On 24-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-05-2022) | 1-16 |

| | | |
|---|---|---|
| 17 | ബാരൽ വില, ചരക്ക് സേവന നികുതി എന്നിവ ഈടാക്കിയത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.<br>Written By: C. Anilkumar (Audit Officer, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-05-2022) | 1-17 |
| 18 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കിയില്ല<br>Written By: C. Anilkumar (Audit Officer, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-05-2022) | 1-18 |
| 19 | ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി (ജനറൽ വനിത) – മതിയായ തുക വകയിരുത്തുന്നില്ല.<br>Written By: Kavya Krishnan (Auditor, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-05-2022) | 1-19 |
| 20 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -ഭരണ ചെലവിന്റെ പരിധി ലംഘിച്ചു<br>Written By: C. Anilkumar (Audit Officer, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-04-2022) | 1-20 |
| 21 | ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനുതിനുശേഷവും പെൻഷൻ വിതരണം തുടരുന്നു<br>Written By: Jayaprabha P (Asst. Audit Officer, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-05-2022) | 1-21 |
| 22 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ ക്ഷേമ പെൻഷനും കൈപ്പറ്റി<br>Written By: Jayaprabha P (Asst. Audit Officer, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-05-2022) | 1-22 |
| 23 | നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Jayaprabha P (Asst. Audit Officer, On 26-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 28-04-2022) | 1-23 |
| 24 | ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടില്ല.<br>Written By: K S Deepa (Auditor, On 26-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 29-04-2022) | 1-24 |
| 25 | അനധികൃത നിർമ്മാണം ക്രമവത്കരിക്കുകയോ അധിക നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല<br>Written By: Jayaprabha P (Asst. Audit Officer, On 26-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 28-04-2022) | 1-25 |
| 26 | അനധികൃതമായി കയ്യേറിയ മതിൽ നിർമ്മാണം ഒഴിപ്പിച്ച് റബിൾ ലേലം ചെയ്ത് മുതൽക്കൂട്ടിയില്ല.<br>Written By: C. Anilkumar (Audit Officer, On 26-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 29-04-2022) | 1-26 |
| 27 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- ബാലൻസ് തുക തിരികെ ഈടാക്കിയില്ല<br>Written By: Jayaprabha P (Asst. Audit Officer, On 26-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 28-04-2022) | 1-27 |
| 28 | ലൈബ്രറി സെസ്സ് ഒടുക്കിയില്ല<br>Written By: Jayaprabha P (Asst. Audit Officer, On 26-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 28-04-2022) | 1-28 |
| 29 | ബിറ്റുമിൻ എമൽഷൻ വാങ്ങി ഉപയോഗിച്ചതിന്റെ അസ്സൽ ബിൽ ഹാജരാക്കിയില്ല<br>Written By: C. Anilkumar (Audit Officer, On 29-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 29-04-2022) | 1-29 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

| ഭാഗം **4** | | |
|---|---|---|
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 29-04-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Jayaprabha P (Asst. Audit Officer, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 29-04-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Jayaprabha P (Asst. Audit Officer, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 29-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Jayaprabha P (Asst. Audit Officer, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 29-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayaprabha P (Asst. Audit Officer, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 29-04-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayaprabha P (Asst. Audit Officer, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 29-04-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 29-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayaprabha P (Asst. Audit Officer, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 25-03-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

| | |
|---|---|
| ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാസ്സാക്കിയ തീയതി | 07-03-2020 |
| ബഡ്ജറ്റ് ജനറൽ കമ്മിറ്റി പാസ്സാക്കിയ തീയതി | 18-03-2020 |

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക 28.04.2021 തീയതിയിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന സമർപ്പിച്ചു. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. Schedule B 9 – ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

| | | |
|---|---|---|
| 1 | Employees Liabilities – Net Salary Payable | 726607 |
| 2 | Employees Liabilities – Pension Contribution Payable | 51332 |
| 3 | Govt And Other Dues Payable- Service Tax | 423644 |
| 4 | Govt And Other Dues Payable-CGST | 264 |
| 5 | Govt And Other Dues Payable-SGST | 264 |
| 6 | Govt And Other Dues Payable-TDS-CGST | 1946 |
| 7 | Govt And Other Dues Payable-TDS-SGST | 1946 |
| 8 | Govt And Other Dues Payable-Flood Cess | 183 |
| 9 | Govt And Other Dues Payable-Others | 13478 |
| 10 | Refunds Payable- Other Taxes | 10000 |

2. Schedule B18- Other Advances – 1104250 രൂപയുടെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

3. തൊഴിലുറപ്പ് പദ്ധതി – ലഭ്യമാക്കിയ കണക്കുകളും വാർഷിക ധനകാര്യപത്രികയിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3619241 |
| വരവ് | 36238343 |
| ആകെ | 39857584 |
| ചെലവ് | 36201640 |
| നീക്കിയിരിപ്പ് | 3655944 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 5353618 | 5353618 | 4992818 | 360800 |
| വികസനഫണ്ട് (എസ്.സി.പി | 0 | 4631820 | 4631820 | 4631818 | 2 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 2978978 | 2978978 | 2381621 | 597357 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 0 | 1680000 | 1680000 | 1242937 | 437063 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 5416000 | 5416000 | 5416000 | 0 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3492000 | 3492000 | 2987975 | 504025 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

1. വികസന ഫണ്ട് (ജനറൽ) - അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവുചെയ്ത 394200 രൂപ ഗ്രാന്റ് വിനിയോഗ പത്രികയിൽ വരവു കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

2. റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ നിന്നും കുറവു ചെയ്ത 35319 രൂപ വരവു ചെലവു കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 131 | 33172851 | 110 | 24912303 | 21 | 84 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11036151 | 11036151 | 11036151 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 165 | 648776 | 648941 | 648861 | 80 |
| ആകെ | 165 | 11684927 | 11685092 | 11685012 | 80 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8880 | 13 |
| കർഷകത്തൊഴിലാളി പെൻഷൻ | 1254300 | 75 |
| വിധവാപെൻഷൻ | 5189200 | 350 |
| വാർദ്ധക്യകാലപെൻഷൻ | 12486900 | 840 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1309400 | 76 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 196900 | 15 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-03-2022 – 12.43 P.m-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4876 (നാലായിരത്തി എണ്ണൂറ്റി എഴുപത്തി ആറ്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. വിവിധ വരവിനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും വർഷാവസാനം ഡി.സി.ബി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. റദ്ദ് ചെയ്യുന്ന സാംഖ്യാ രസീതുകളുടെ റിപ്പോർട്ട് അതാത് ദിവസം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഭിന്നശേഷി പെൻഷൻ രജിസ്റ്റർ, ഭിന്നശേഷിക്കാരുടെ വിശദവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ, പുറമ്പോക്ക് രജിസ്റ്റർ,ലോഗ് ബുക്ക് എന്നിവയിൽ സെക്രട്ടറി ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാങ്ക് ബുക്കുകൾ

ദൈനംദിനം പ്രിൻറ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചമയ്ക്കുന്ന കരാർ ഉടമ്പടിയിൽ കരാർ കാലാവധി സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തുന്നില്ല. കരാർ കാലാവധി ലംഘിക്കുന്ന കരാറുകാർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെങ്കിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയേ മതിയാവൂ. ആയതിന് വേണ്ട നിർദ്ദേശം ഭരണ സമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.08.2011 മുതൽ 22.08.2011 വരെ | 2008-09 മുതൽ 2010-11 വരെ | 12.01.2012 |
| പെർഫോമൻസ് ഓഡിറ്റ് | 19.11.2021 മുതൽ 20.11.2021 വരെ | 04.01.2020 മുതൽ 31.03.2021 വരെ | 20.11.2021 |

## 1-11 റീട്ടെയിൽ റേഷൻ ഡിപ്പോകളുടെ ലൈസൻസ്, തൊഴിൽനികുതി എന്നിവ ഈടാക്കുന്നില്ല.

1994-ലെ പഞ്ചായത്ത് പരിധിയിൽ 4 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. ടി റേഷൻകടകളിൽ നിന്നും ലൈസൻസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല എന്നു കാണുന്നു. കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ നിന്നും റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2021) അറിയിച്ചിട്ടുണ്ട്. ടി റേഷൻകടകളിൽ നിന്നും ലൈസൻസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും 2020-21 വർഷം തൊഴിൽ നികുതി ഈടാക്കിയില്ല. കരാറുകാരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. രാജശേഖരക്കുറുപ്പ്, ശിവശൈലം, മുടിയൂർക്കോണം.

2. മുരളീധരനാചാരി, കൊച്ചു തുറയിൽ

3. ജയകുമാർ.റ്റി. വിസ്മയ, മാന്നൂർ

4. കെ.ജെ. ബിജു, കാരക്കാലിൽ വീട്, പെരിങ്ങനാട്.

5. കെ.ജി. വിൽസൺ, എൻ.എസ്. കോട്ടേജ്, പറന്തൽ.

6. വിനോദ് കുമാർ, ചെറുവള്ളിൽ, മാന്നൂർ.

7. അനീഷ്.എ, അനീഷ് ഭവൻ, പറന്തൽ.

8. പി.കെ.മുരളീധരക്കുറുപ്പ്, പള്ളിക്കലേത്ത്.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും, അതിലെ തൊഴിലാളികളെയും വരുമാന അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്ത് നികുതി ഈടാക്കിയതിന്റെയും കരാറുകാരുടെ നികുതി ഈടാക്കിയതിന്റെയും വിശദാംശം ആഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-13 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ – അവലോകനം

ഗ്രാമപഞ്ചായത്തിൽ ഒൻപത് അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ആറ് അങ്കണവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. ഏഴ് അങ്കണവാടികൾക്ക് ചുറ്റുമതിലും ഉണ്ട്. അങ്കണവാടി നമ്പർ-69, 70, 71 എന്നീ മൂന്ന് സെന്ററുകളിൽ ജലജീവൻ മിഷൻ വഴി പൈപ്പ് കണക്ഷൻ കോമ്പൗണ്ടിന്റെ ഒരറ്റത്ത് സ്ഥാപിച്ചെങ്കിലും കെട്ടിടത്തിനുള്ളിലേക്ക് ജലം ലഭിക്കുവാനുള്ള സംവിധാനമില്ല. മിക്ക അങ്കണവാടികളിലും ആവശ്യത്തിന് ശിശു സൗഹൃദ ടോയ്ലെറ്റും ഫർണിച്ചറുകളും ഇല്ല. രണ്ട് അങ്കണവാടികളിൽ മാത്രമാണ് ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് ഉള്ളത്. ബേബി ഫ്രണ്ട്ലി പെയിന്റിംഗും അത്യാവശ്യ പാത്രങ്ങളും ഇല്ലെന്നും, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൂന്ന് അങ്കണവാടികൾക്ക് (നമ്പർ-67, 68, 73) നിലവിൽ ഐ.സി.ഡി.എസ് ഓഫീസിൽ നിന്നും അനുവദിക്കുന്ന തുക മാത്രമാണുള്ളതെന്നും ആയതിനാൽ അധിക വാടക നകുന്നതിന് ഫണ്ട് അനുവദിക്കേണ്ടത് അനിവാര്യമാണെന്നും ബന്ധപ്പെട്ട ഐ.സി.ഡി.എസ് ഓഫീസർ അറിയിച്ചു. ഈ സാഹചര്യത്തിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം, എല്ലാ അങ്കണവാടികൾക്കും കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാല സൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിന് പഞ്ചായത്ത് അധികൃതർ പ്രത്യേക പരിഗണന നൽകേണ്ടത് അനിവാര്യമാണ്. അങ്കണവാടി പ്രവർത്തനങ്ങൾ ഫലപ്രദമാണ് എന്നുറപ്പ് വരുത്തുന്നതിന് അങ്കണവാടി വെൽഫെയർ കമ്മിറ്റി, നിരീക്ഷണ കമ്മിറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടലുകൾ നിരന്തരം ഉണ്ടാകുന്ന രീതിയിൽ അവയുടെ പ്രവർത്തനം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഇടപെടൽ മുഖേന ക്രമീകരിക്കേണ്ടതാണ്.

## 1-14 ആട് വളർത്തൽ പദ്ധതി (പട്ടികജാതി) - അപാകതകൾ.

| | |
|---|---|
| പ്രോജക്ടിന്റെ വിവരം | ആട് വളർത്തൽ പദ്ധതി (പട്ടികജാതി)<br>നമ്പർ: (40/20-21) |
| വകയിരുത്തിയ തുക | വികസന ഫണ്ട് - 2,50,000/-<br>തനതു ഫണ്ട് - 2000/-<br>മറ്റുള്ളവ – 84000/- |
| ചെലവ് തുക | 3,36,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ |

ടി പദ്ധതിയുടെ നിർവഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ആട്ടിൻകുട്ടികളെ വാങ്ങുന്നതിനായുള്ള പർച്ചേസിങ് കമ്മിറ്റി ശുപാർശയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

2. ഗുണഭോക്താക്കൾ മുദ്രപത്രത്തിൽ കരാർ വ്യവസ്ഥകൾ ചമച്ചിട്ടില്ല.

മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ഡിജിറ്റൽ പണമിടപാട് മൂലമുള്ള വരുമാന നഷ്ടം

ധനകാര്യ വകുപ്പിന്റെ 21.11.2018 ലെ 107/2018 ധന നം. ഉത്തരവ് പ്രകാരം ഡിജിറ്റൽ പണമിടപാട് നടത്തുന്നതിനുള്ള അനുമതിയുണ്ട്. 2020 ജൂലായ് 2 മുതൽ നികുതി വരവുകൾ കാർഡ് ട്രാൻസാക്ഷൻ മുഖേന കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടി പണമിടപാടിൽ ബാങ്ക് ചാർജ് ഇനത്തിൽ തുക നികുതിദായകരിൽ നിന്ന് ഈടാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ട നികുതി വരുമാനത്തിൽ നിന്നാണ് ബാങ്ക് പ്രസ്തുത തുക ഈടാക്കിയിട്ടുള്ളത്. 2020 ഒക്ടോബർ 27-ാം തീയതി വരെ കാർഡ് ട്രാൻസാക്ഷൻ നടന്നിട്ടുണ്ട്. ആയതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ബാങ്കിൽ അടച്ച തുക | ബാങ്കിൽ ക്രഡിറ്റായ തുക | ക്രഡിറ്റായ തീയതി | കുറവ് വന്ന തുക |
|---|---|---|---|---|
| 13.07.2020 | 6779 | 6707.01 | 7.13.2020 | 71.99 |
| 24.07.2020 | 4350 | 4246.67 | 25.07.2020 | 103.33 |
| 05.08.2020 | 11421 | 11337 | 07.10.2020 | 83.53 |
| 12.10.2020 | 3096 | 3064.07 | 14.10.2020 | 31.93 |

ഭാവിയിൽ ഇത്തരം പണമിടപാടിലൂടെ നികുതി പിരിവ് നടത്തുമ്പോൾ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതിനായി സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വകുപ്പ് തലത്തിൽ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

## 1-16 ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ - മതിയായ ഫണ്ട് വകയിരുത്തിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 42/20-21 (ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ) |
| നിർവ്വഹണാദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| അടങ്കൽ തുക | വികസന ഫണ്ട് – 1,00,000/- |
| ചെലവ് തുക | 72,731/- |

ഭിന്നശേഷിക്കാരായവർക്ക് നിർവ്വഹണാദ്യോഗസ്ഥൻ സഹായ ഉപകരണങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയിൽ മെഡിക്കൽ ക്യാമ്പ് മുഖേന ഒൻപത് ഗുണഭോക്താക്കളെയാണ് തിരഞ്ഞെടുത്തിരുന്നത്. അതിൽ അഞ്ച് ഗുണഭോക്താക്കൾക്ക് ശ്രവണ സഹായിയും, ഒരു ഗുണഭോക്താവിന് വാക്കിംഗ് സ്റ്റിക്കും മറ്റൊരു ഗുണഭോക്താവിന് വീൽ ചെയറും നൽകിയിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം മെഡിക്കൽ ക്യാമ്പ് മുഖേന തിരഞ്ഞെടുത്ത ചലനവൈകല്യമുള്ള രണ്ട് ഗുണഭോക്താക്കൾക്ക് ഇലക്ട്രോണിക് വീൽ ചെയർ ലഭ്യമാക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഇപ്രകാരമുള്ള പ്രോജക്ടുകൾക്ക് ഗ്രാമ പഞ്ചായത്തുകളുടെ വിഹിതത്തോടൊപ്പം ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതവും സംയോജിപ്പിക്കേണ്ടതാണ്. സാമൂഹ്യ അംഗീകാരവും, തൊഴിലും, വരുമാനവും ഉറപ്പാക്കുന്നതിനും, ഒറ്റപ്പെടൽ ഒഴിവാക്കുന്നതിനും ഭിന്നശേഷിക്കാർക്ക് വ്യക്തിഗത ഗുണഭോക്തൃ നിർണയത്തിൽ മുൻഗണന നൽകുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണെന്നിരിക്കെ, ചലന ശേഷിയില്ലാത്ത ഗുണഭോക്താക്കൾക്ക് അർഹമായ പരിഗണന നല്കിയിട്ടില്ല എന്നു കണ്ടു. വരും വർഷങ്ങളിൽ ടി പ്രോജക്ടിന് മതിയായ ഫണ്ട് വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ബാരൽ വില, ചരക്ക് സേവന നികുതി എന്നിവ ഈടാക്കിയത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പാക്കിയ റീടാറിംഗ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്മേലുള്ള ജി.എസ്.ടിയും കുറവ് ചെയ്ത് സെക്രട്ടറിയുടെ ട്രഷറി തനത്ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.59827/ഫ്.എം./07 ത.സ്വ.ഭ.വ/ 30-10-17 അനുസരിച്ച് ഏത് ഫണ്ടിൽ നിന്നാണോ ടാറിംഗ് പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുള്ളത് പ്രസ്തുത ഫണ്ടിലേക്ക് ബാരൽ വില ക്രഡിറ്റ് ചെയ്യുകയാണ് ചെയ്യേണ്ടത്. എന്നാൽ തനത് ഫണ്ട് അക്കൗണ്ടിൽ “Sale Of Empties And Waste Materials" എന്ന ഹെഡിൽ നില നിർത്തിയിട്ടുള്ള ബാരൽ വില കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്കും നാളിതുവരെ ഒടുക്ക് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ബാരലിന്റെ എണ്ണം | കുറവ് ചെയ്ത ബാരൽ വില | കുറവ് ചെയ്ത ജി.എസ്.ടി |
|---|---|---|---|---|
| 1. | പഞ്ചായത്ത് ജം. ചുമട്ട്കാവ് റോഡ് പുനരുദ്ധാരണം ( 126/20, 94/21)<br>അടങ്കൽ : 563432/- (MG Road)<br>കരാറുകാരൻ : കെ.ജെ.ബിജു<br>ഫൈനൽ ബിൽ തുക : 563864<br>ബിൽ നം./തീയതി :<br>20050652013400422762/17-04-20<br>300000/-<br>20050652013400422762/13-08-20<br>263432/- | 16 | 3808 | 686 |
| | ആകെ | 16 | 3808 | 686 |

ടി വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/24-03-22) ലഭ്യമാക്കിയ മറുപടിയിൽ 3808 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്കും 686 രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്കു വരുത്തുന്നതിനായി സെക്രട്ടറിക്ക് അറിയിപ്പ് നൽകുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചു. പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്ക് വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കിയില്ല

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി നിയമം അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പ്രവൃത്തിമൂല്ല്യത്തിന്റെ ഒരു ശതമാനം തുക നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട് ആയി ഈടാക്കേണ്ടതാണ്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 3(3) അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന ക്ഷേമ നിധി ഫണ്ടിന്റെ ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ബാക്കിയുള്ള 99% തുക മാത്രം ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയും ചെയ്യേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തുമ്പമൺ ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമ നിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെയാണ് ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് തുക ഒടുക്കിയിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/22-03-22) അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ കളക്ഷൻ ചാർജ് സംബന്ധിച്ച് സാംഖ്യയിൽ വർക്ക് ബിൽ ഡിഡക്ഷനിൽ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാതിരുന്നതിനാലും വ്യക്തമായ നിർദ്ദേശങ്ങൾ ലഭ്യമാക്കാതിരുന്നതിനാലുമാണ് തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് കളക്ഷൻ ചാർജ് ഒടുക്കാതിരുന്നതെന്നും 2021-22 മുതൽ കളക്ഷൻ ചാർജ് ഈടാക്കി വരുന്നുവെന്നും അറിയിച്ചു. ഓഡിറ്റ് വർഷം കളക്ഷൻ ചാർജ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് അർഹമായ തുക കണക്കാക്കി ക്ഷേമ നിധി ബോർഡിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-19 ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി (ജനറൽ വനിത) - മതിയായ തുക വകയിരുത്തുന്നില്ല.

13-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ നമ്പർ.22/2018/ത.സ്വ.ഭ.വ (ഖ 7.2) തീയതി 14.02.2018 ഉത്തരവ് അനുസരിച്ച് ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ക്ഷീരകർഷകർക്ക്, ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന തീറ്റയ്ക്ക് ഒരു മാസം 50% സബ്സിഡി നിരക്കിൽ പരമാവധി 10000 രൂപ ഒരു വർഷം നൽകാവുന്നതാണ്. കാലിത്തീറ്റ സബ്സിഡി പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 25000 രൂപയും ബ്ലോക്ക് വിഹിതമായി 247720 രൂപയും വകയിരുത്തിയിട്ടുണ്ട്. എന്നാൽ ടി തുക ഉപയോഗിച്ച് പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് 2020 ഏപ്രിൽ മുതൽ സെപ്റ്റംബർ മാസം വരെയുള്ള സബ്സിഡി നൽകാനേ കഴിഞ്ഞിട്ടുള്ളൂ. പഞ്ചായത്തിലെ വലിയൊരു വിഭാഗം ജനങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗമാണ് കന്നുകാലി വളർത്തൽ. ആയതിനാൽ ക്ഷീരകർഷകർക്ക് പരമാവധി സബ്സിഡി നൽകുന്നതിന് ഉതകുംവിധം പദ്ധതി നടപ്പിലാക്കുന്നതിന് വരും വർഷങ്ങളിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -ഭരണ ചെലവിന്റെ പരിധി ലംഘിച്ചു

മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 20-09-2017 ലെ 16790/എൻ.ആർ.ഇ.ജി സെൽ 2/10 -ാം നം കത്തിലെ നിർദ്ദേശം അനുസരിച്ച് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഭരണ-നിർവ്വഹണ ചെലവുകൾ പദ്ധതി ചെലവിന്റെ 6% എന്ന പരിധി നിലനിർത്തിക്കൊണ്ട് വിവിധ തലങ്ങളിൽ ചെലവഴിക്കാവുന്ന തുക 23-11-2017 ലെ ഡി.ഡി.2/448/2017/ത.സ്വ.ഭ.വ -ാം നം. ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെലവിനം | നിലവിലുള്ള പരിധി | പുതുക്കിയ പരിധി |
|---|---|---|
| ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ | 4% അധികരിക്കാതെ | |
| ജില്ലാതലം | 0.5% | 5% അധികരിക്കാതെ |
| സംസ്ഥാന തലം | 0.25% | 0.25% |
| സോഷ്യൽ ഓഡിറ്റ് | 1% | 0.5% |
| പരിശീലനം | 0.25% | 0.25% |
| ആകെ | 6% | 6% |

ഓരോ ഗ്രാമ പഞ്ചായത്തിലെയും ഭരണ ചെലവ് ബ്ലോക്ക് തലത്തിൽ മോണിട്ടർ ചെയ്യേണ്ടതും ഭരണ ചെലവിനങ്ങൾ 5% ൽ അധികരിക്കാതെ നിലനിർത്തുന്നതിന് ആവശ്യമായ നടപടികളും നിർദ്ദേശങ്ങളും പ്രോഗ്രാം ഓഫീസർമാർ സ്വീകരിക്കേണ്ടതുമാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

തുമ്പമൺ ഗ്രാമ പഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2020-21 വർഷം 15132000 രൂപ വകയിരുത്തി 119 പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിരുന്നു. 102 പ്രവൃത്തികളിലായി തൻ വർഷം 10924251 രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവിന്റെ 5% ആയ 546213 രൂപ മാത്രം ഭരണചെലവായി ചെലവഴിക്കേണ്ടതിന് പകരം 563918 രൂപ (5.16%) തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഭരണചെലവ് അധികമാകുന്ന പക്ഷം പ്രസ്തുത ഗ്രാമപഞ്ചായത്തിലെ എൻ.ആർ.ഇ.ജി ജീവനക്കാർക്കുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളും തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണെന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭരണ ചെലവിനത്തിൽ അധികം തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/24-03-22).ഭരണ ചെലവിനത്തിൽ അധികമായി ചെലവഴിച്ച 17705 രൂപ ആദ്യം തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ട് പിന്നീട് എൻ.ആർ.ഇ.ജി.എസ് ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് റീക്രൂപ്പ് ചെയ്തിട്ടുണ്ടെന്നും ആയത് 2022 മാർച്ച് മാസത്തെ എൻ.ആർ.ഇ.ജി.എസ് അഡ്മിൻ ഫണ്ടിൽ നിന്നും കുറവ് ചെയ്ത് ക്രമീകരിക്കുന്നതാണെന്നും ഓവർസിയർ മറുപടി നൽകി. തുക ക്രമീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-21 ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനുതിനുശേഷവും പെൻഷൻ വിതരണം തുടരുന്നു

ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട് മരണം ഗ്രാമപ്പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിനു ശേഷം യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യാത്തതിനാൽ മരണശേഷവും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

2020-21 വർഷം ഗ്രാമപ്പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക്/ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു. തുക തിരികെ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (11/24.03.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | ഗുണഭോ ക്താവിന്റെ | പെൻ ഷണർ | ആധാർ നമ്പർ | മരണ പ്പെട്ട | ഗ്രാമ പ്പഞ്ചാ | അക്കൗണ്ട് നമ്പർ | പെൻഷൻ ഇനം | അവസാനം പെൻഷൻ | പെൻഷൻ സസ്പെന്റ് |
|---|---|---|---|---|---|---|---|---|---|

| | പേരും വിലാസവും | ഐ.ഡി | | തീയതി | യത്തിൽ മരണം രജിസ്റ്റർ ചെയ്ത തീയതി | | | നൽകിയ മാസം | ചെയ്ത തീയതി |
|---|---|---|---|---|---|---|---|---|---|
| 1. | ശിവാനി 7/144, തേവത്തിൽ ശ്രീവിലാസം, നടുവിലെമുറി, തുമ്പമൺ P. O | 104140 600171 | 494472 336054 | 20.04. 2020 | 03.07. 2020 | | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 2020 മെയ് മുതൽ ഒക്ടോബർ വരെ യുള്ള പെൻ ഷൻ തുക സഹകരണ ബാങ്കിന് കൈമാറി | 05/11/ 2020 |
| 2. | സുരേന്ദ്രൻ 2/35, മലമുറ്റത്ത് വീട്, മുട്ടം, തുമ്പമൺ P. O | 1041402 00986 | 262807 114108 | 28.06. 2020 | 16.07. 2020 | 672053 36678 (SBIN 0070 080) | വാർദ്ധക്യകാല പെൻഷൻ | 2020 നവംബർ വരെ യുള്ളത് അക്കൗ ണ്ടിൽ നിക്ഷേ പിച്ചു. 12/2020 മുതൽ 06/2021 വരെ യുള്ളത് ബാങ്കിന് കൈമാറി. | 13/07/ 2021 |
| | | 1041404 00043 | 26280 7114108 | | | 672053 36678 (SBIN 0070 080) | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം – ശാരീരികം :- അംഗ പരിമിതി 80 ശതമാന ത്തിൽ കുറവ് | 2020 നവംബർ വരെ യുള്ളത് അക്കൗ ണ്ടിൽ നിക്ഷേ പിച്ചു. 12/2020 മുതൽ 6/2021 വരെ യുള്ളത് ബാങ്കിന് കൈമാറി. | 13/07/ 2021 |
| 3. | അന്നമ്മ ഡേവിഡ് 1/88, വാഴവിളയിൽ, | 1041402 00333 | 885360 733088 | 10.07. 2020 | 16.07. 2020 | | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല | ഏപ്രിൽ 2020 വരെ | 03/11/ 2020 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | മുട്ടം, തുമ്പമൺ | | | | | | പെൻഷൻ - പ്രായം 75 വയസിനു താഴെ | യുള്ള തുക കൈമാറി. മെയ് 2020 മുതൽ ഒക്ടോബർ 2020 വരെ യുള്ളത് സഹകരണ ബാങ്കിന് കൈമാറി | |
| 4. | ആനന്ദവല്ലി 2/51, പാറവടക്കേതിൽ, തുമ്പമൺ P. O | 1041406 00192 | 4763274 80593 | 06.07. 2020 | 17.07. 2020 | 672067 66699 (SBIN 00700 80) | വിധവാ പെൻഷൻ | 2020 നവംബർ വരെ യുള്ളത് അക്കൗ ണ്ടിൽ നിക്ഷേ പിച്ചു. ഡിസംബർ 2020 മുതൽ ഏപ്രിൽ 2021 വരെ യുള്ളത് ബാങ്കിന് കൈമാറി | 30/04/ 2021 |
| 5. | പൊന്നമ്മാൾ ലക്ഷംവീട് കോളനി, തുമ്പമൺ, കീരുക്കുഴി P. O | 1041406 00025 | 458543 092218 | 10.08. 2020 | 10.08. 2020 | | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം:- പ്രത്യേക തരത്തിൽ പെടുന്നില്ല | ഏപ്രിൽ 2020 വരെ യുള്ള തുക കൈമാറി. മെയ് മുതൽ ഒക്ടോബർ വരെ യുള്ളത് സഹകരണ ബാങ്കിന് കൈമാറി | 05/11/ 2020 |
| 6. | കെ. സുരേഷ് കുമാർ ആല്പംമൂട്ടിൽ, വിജയപുരം, തുമ്പമൺ P. O | 1041402 00945 | 2817131 37089 | 30.07. 2020 | 18.08. 2020 | | വാർദ്ധക്യകാല പെൻഷൻ, പ്രായം 75 വയസിനു താഴെ | ഏപ്രിൽ 2020 വരെ യുള്ള തുക കൈമാറി. | 03/11/ 2020 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | മെയ് 2020 മുതൽ നവംബൽ 2020 വരെ യുള്ളത് സഹകരണ ബാങ്കിന് കൈമാറി. | |
| 7. | ചാക്കോ കെ.സി കല്ലുംപുറത്ത് തെക്കേപ്പുര, നടുവിലേമുറി തെക്ക്, തുമ്പമൺ | 104140200828 | 358744197428 | 19.08. 2020 | 19.08. 2020 | 40370101015249 (KLGB 0040370-THUMPAMON) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം 75 വയസിനു മുകളിൽ | ഒക്ടോബർ 2020 വരെ യുള്ള തുക കൈമാറി. | 05/11/ 2020 |
| 8. | കമലാക്ഷി ചന്ദ്ര വേലിൽ, കീരുകുഴി | 104140200175 | 855513482140 | 26.07. 2020 | 19.08. 2020 | 40370101012969 (KLGB 0040370-THUMPAMON) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം 75 വയസിനു മുകളിൽ. | ഫെബ്രുവരി 2022 വരെ പെൻഷൻ വിതരണം ചെയ്തു. | Active |
| 9. | ബാലൻ മുണ്ടയ്ക്കൽ വടക്കേതിൽ, തുമ്പമൺ P. O | 104140200118 | 744415243598 | 14.08. 2020 | 24.08. 2020 | 67205217801 (SBIN 0070080) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം 75 വയസിനു മുകളിൽ. | April 2020 വരെ യുള്ള തുക കൈമാറി. (ഏപ്രിൽ വരെ യുള്ളത് SBI മുഖേ നയാ യിരുന്നു) മെയ് മുതൽ ഒക്ടോബർ വരെ യുള്ളത് സഹകരണ ബാങ്കിന് കൈമാറി. | 02/11/ 2020 |
| 10. | രാഘവൻ നായർ ഉടയോന്മുറ്റത്ത് കിഴക്കേതിൽ | 104140200022 | 668172192307 | 18.08. 2020 | 24.08. 2020 | | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല | 6/2020 വരെ യുള്ള | 03/11/ 2020 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | പെൻഷൻ - പ്രായം 75 വയസിനു മുകളിൽ | തുക കൈമാറി. ജൂലൈ മുതൽ ഒക്ടോബർ വരെ യുള്ളത് സഹകരണ ബാങ്കിന് കൈമാറി. | |
| 11. | ചെല്ലമ്മ പടിഞ്ഞാറ്റേതിൽ പുത്തൻവീട്, മുട്ടം | 1041402 00110 | 8271416 43398 | 08.08. 2020 | 27.08. 2020 | | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം 75 വയസിനു മുകളിൽ. | 6/2020 വരെ യുള്ള തുക കൈമാറി. ജൂലൈ മുതൽ ഒക്ടോബർ വരെ യുള്ളത് സഹകരണ ബാങ്കിന് കൈമാറി. | 05/11/ 2020 |
| 12. | ഏലമ്മ രാജൻ രാജ് ഭവൻ | 1041402 00624 | 807943 658189 | 21.08. 2020 | 27.08. 2020 | 570067 16505 (SBIN 0070 080) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം 75 വയസിനു താഴെ. | നിലവിലും പെൻഷൻ വിതരണം ചെയ്യുന്നു. ഫെബ്രുവരി 2022 വരെ പെൻഷൻ വിതരണം ചെയ്തു. | Active |
| 13. | ജോർജ്. പി. എ. പേരൂർ, തുമ്പമൺ | 1041402 00536 | 845216 400374 | 21.08. 2020 | 16.09. 2020 | | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം 75 വയസിനു മുകളിൽ. | 6/2020 വരെ തുക കൈമാറി. ഒക്ടോബർ 2020 വരെ യുള്ളത് സഹകരണ ബാങ്കിന് കൈമാറി. | 03/11/ 2020 |
| 14. | ജോസ് തോമസ് വലിയ തുണ്ടിൽ | 1041402 01037 | 813624 135315 | 21.09. 2020 | 29.09. 2020 | | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം 75 | 8/2020 വരെ തുക കൈമാറി. 10/2020 വരെ | 02/11/ 2020 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | വയസിനു താഴെ. | യുള്ളത് സഹകരണ ബാങ്കിന് കൈമാറി. | |
| 15. | കുഞ്ഞമ്മ പാപ്പി പീടികയിൽ, വിജയപുരം, തുമ്പമൺ, കീരുക്കുഴി P. O | 1041405 00006 | 376539 441512 | 10.10. 2020 | 27.10. 2020 | 0386053 0000 04504 (SIBL 0000 386) | 50 വയസ് കഴിഞ്ഞ അവിവാ ഹിതരായ വനിതക ൾക്കുള്ള പെൻഷൻ :- പ്രത്യേക തരത്തിൽ പെടുന്നില്ല. | 11/2020 വരെ യുള്ള തുക അക്കൗ ണ്ടിലേക്ക് കൈമാറി. 2/2022 വരെ യുള്ളത് ബാങ്കിന് കൈമാറി. | Active |
| 16. | ലൈലാമ്മ ബാബു ഞവരയ്ക്കൽ പടിഞ്ഞാറ്റേതിൽ, വയലിനം പടിഞ്ഞാറ്, കീരുകുഴി, തുമ്പമൺ P. O | 1041406 00176 | 300736 191533 | 19.10. 2020 | 16.11. 2020 | 57006733723 (SBIN 0070 080- THUMPA MON) | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം- പ്രത്യേക തരത്തിൽ പെടുന്നില്ല. | ഫെബ്രുവരി 2022 വരെ യുള്ള തുക അക്കൗ ണ്ടിൽ നിക്ഷേ പിച്ചു. | Active |
| 17. | വാസവൻ. പി. എൻ പറമ്പിൽ പടിഞ്ഞാറ്റേതിൽ, മാമ്പിലാലി, തുമ്പമൺ P. O | 1041402 00425 | 344691 714079 | 23.09. 2020 | 24.11. 2020 | 4037010 1012118 (KLGB 0040 370- THUMPA MON) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം 75 വയസിനു മുകളിൽ | 2/2021 വരെ തുക അക്കൗ ണ്ടിൽ നിക്ഷേ പിച്ചു. 2/2022 വരെ യുള്ള തുക ബാങ്കിന് കൈമാറി. | Active |
| 18. | തങ്കമ്മ മത്തായി പറമ്പുവേലിൽ തുണ്ടിൽ, മാമ്പിലാലി, തുമ്പമൺ P. O | 1041402 00433 | 307962 917878 | 20.11. 2020 | 03.12. 2020 | 672612 92601 (SBIN 0070080- THUMPA MON) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം 75 വയസിനു മുകളിൽ | 11/2020 വരെ തുക അക്കൗ ണ്ടിൽ നിക്ഷേ പിച്ചു. 2/2022 വരെ യുള്ള തുക ബാങ്കിന് | Active |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | കൈമാറി. | |
| 19. | രാഘവൻ. എ. എൻ വാഴവേലിൽ പുത്തൻ വീട്, തുമ്പമൺ P. O | 104140200369 | 517727701906 | 18.12.2020 | 28.12.2020 | | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം 75 വയസിനു മുകളിൽ | നവംബർ 2020 തുക കൈമാറി. ഏപ്രിൽ 2021 വരെ യുള്ളത് സഹകരണ ബാങ്കിന് കൈമാറി. | 30/04/2021 |
| 20. | സാറാമ്മ ചാക്കോ പാലനിൽക്കുന്നതിൽ, തുമ്പമൺ P. O | 104140100142 | 777684999416 | 13.01.2021 | 30.01.2021 | | കർഷക തൊഴിലാളി പെൻഷൻ - പ്രത്യേക തരത്തിൽ പെടുന്നില്ല | 12/2020 വരെ തുക കൈമാറി. ഏപ്രിൽ 2021 വരെ യുള്ളത് സഹകരണ ബാങ്കിന് കൈമാറി. | 30/04/2021 |
| 21. | കുട്ടി ചെറുകുന്നിൽ വടക്ക്, വിജയപുരം, കീരുക്കുഴി, | 104140100147 | 934503622219 | 31.12.2020 | 01.02.2021 | | കർഷക തൊഴിലാളി പെൻഷൻ - പ്രത്യേക തരത്തിൽ പെടുന്നില്ല | കർഷക തൊഴിലാളി പെൻഷൻ 12/2020 വരെ തുക കൈമാറി. ഏപ്രിൽ 2021 വരെ യുള്ളത് സഹകരണ ബാങ്കിന് കൈമാറി. | 30/04/2021 |
| 22. | അയ്യപ്പൻകുമാരൻ കൊല്ലംപറമ്പിൽ തെക്കേതിൽനട, തുമ്പമൺ P. O | 104140200066 | 856730908801 | 13.01.2021 | 01.02.2021 | | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ:- പ്രായം 75 വയസിനു മുകളിൽ | ഡിസംബർ 2020 വരെ തുക കൈമാറി. ഏപ്രിൽ 2021 വരെ യുള്ളത് സഹകരണ ബാങ്കിന് കൈമാറി. | 30/04/2021 |
| 23. | സാറാമ്മ ജോഷ്വാ | 104140200731 | 369577861036 | 04.02.2021 | 05.03.2021 | | ഇന്ദിരാഗാന്ധി ദേശീയ | ഡിസംബർ 2020 | 30/04/2021 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | വലിയവീട്ടിൽ, നരിയാപുരം, തുമ്പമൺ P. O, | | | | | വാർദ്ധക്യകാല പെൻഷൻ - പ്രായം 75 വയസിനു മുകളിൽ | വരെ തുക കൈമാറി. April-2021 വരെ യുള്ളത് സഹകരണ ബാങ്കിന് കൈമാറി. | |

ഗുണഭോക്താവിനും ബാങ്കുകൾക്കും അധികം നൽകിയ തുക തിരികെ ഒടുക്കു വരുത്തിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ ക്ഷേമ പെൻഷനും കൈപ്പറ്റി

സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റിയതിനാൽ പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള വ്യക്തികളുടെ വിവരം ചുവടെ ചേർക്കുന്നു. നൽകിയ തുക തിരികെ ഈടാക്കി ഡിബിറ്റി സെല്ലിൽ അടവാക്കി വിവരം ഓഡിററിൽ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | പെൻഷണർ ഐ ഡി | പെൻഷൻ ഇനം | പെൻഷൻ നൽകിയ കാലയളവ് | നൽകിയ തുക (വ്യക്തിക്ക്) | പെൻഷൻ വിതരണത്തിനായി ബാങ്കിന് കൈമാറിയ തുക | പെൻഷൻ തടഞ്ഞു തീയതി |
|---|---|---|---|---|---|---|---|
| 1 | ആനന്ദമ്മാൾ<br>മുളയ്ക്കൽ പടിഞ്ഞാറേപ്പുര, തുമ്പമൺ | 104140200749 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം75 വയസിനു താഴെ | 7/2016 മുതൽ 4/2020 വരെ | 40600 (4/2016 മുതൽ 4/2019 വരെ) | 14500 (5/2019 മുതൽ 4/2020 വരെ) | 06.05.2020 |
| 2 | ചെല്ലമ്മ. കെ<br>കലാ ഭവൻ, തുമ്പമൺ | 104140200380 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം75 വയസിനു മുകളിൽ | 4/2015 മുതൽ 4/2020 വരെ | 69300<br>[(6600 (2/2015 മുതൽ 12/2015 വരെ)+62700 (6/2016 മുതൽ 4/2019 വരെ)] | 22800 [4800 (1/2016 മുതൽ 5/2016 വരെ) +18000 (5/2019മുതൽ 4/2020 വരെ)] | 06/05/2020 |

## 1-23 നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി തനതു ഫണ്ടിൽ നിന്നും കെ.എസ്സ്.ഇ ബിയ്ക്ക് തുക നൽകിയിട്ടുണ്ട്. തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം | നൽകിയ തുക | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|
| 1 | ഉണ്ടുമണ്ണിൽപ്പടി- പടിക്കവീട്ടിൽപ്പടി- മുട്ടം ഗവ. എൽ.പി.എസ്സ് റ്റൂട്ട് - പോസ്റ്റ് മാറ്റി | 7587 | 961726/27.05.2020 |

| | | | |
|---|---|---|---|
| | സ്ഥാപിക്കൽ<br>(പോസ്റ്റ് നം. PDM 69 PP110/7) | | |
| 2 | വാർഡ് 9 ൽ മാർഗ്ഗതടസ്സമായി നിൽക്കുന്ന പോസ്ററുകൾ-PDM163/TA/24/6/12/2, TA/24/6/12/3 എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് | 11939 | 245833/21.10.2020 |
| 3 | തടത്തിവിളയിൽ റോഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 39627 | 245864/10.11.2020 |

നാളിതുവരെ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.17/26.03.2022) മറുപടി ലഭ്യമാക്കിയില്ല. തുക നൽകിയപ്പോൾ കെ.എസ്സ്.ഇ ബിയുമായി കരാർ വച്ചിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-24 ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് - 232,2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടില്ല. ഫാമുകളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. സുജേഷ് എം, വയയ്ക്കലിന്റെ ഉടമസ്ഥതയിലുള്ള ഫാം.

2. ലീല ഫാം, തുമ്പമൺ.

3. സ്വപ്ന സച്ചിൻ, കോട്ടക്കൽ ബഥേൽ, വിജയപുരത്തിന്റെ ഉടമസ്ഥതയിലുള്ള ഫാം.
ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-16, തീയതി.26.03.2022) മറുപടി ലഭ്യമായിട്ടില്ല. ചട്ടപ്രകാരമുള്ള പിഴ ഈടാക്കി ലൈസൻസ് നല്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 അനധികൃത നിർമ്മാണം ക്രമവത്കരിക്കുകയോ അധിക നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.06.2020 ലെ 15- ാം നമ്പർ അജണ്ടയിലുള്ള 1-ാം നമ്പർ തീരുമാനപ്രകാരം 13-ാം വാർഡിലെ ശാലേം മാർത്തോമ്മാ പള്ളി വക നിർമ്മിച്ചിട്ടുള്ള അനധികൃത കെട്ടിടത്തിന് UA നമ്പർ നൽകുന്നതിനും നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് അധിക നികുതി ഈടാക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. സെക്രട്ടറി സ്വീകരിച്ച നടപടികളുടെ വിവരം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 13/24.03.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിർമ്മാണം ക്രമവത്കരിക്കുകയോ അല്ലാത്തപക്ഷം അനധികൃത നിർമ്മാണമായി കണക്കാക്കി അധിക നികുതി ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-26 അനധികൃതമായി കയ്യേറിയ മതിൽ നിർമ്മാണം ഒഴിപ്പിച്ച് റബിൾ ലേലം ചെയ്ത് മുതൽക്കൂട്ടിയില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | പനയ്ക്കൽ പടി മില്ലിൽ പടി റോഡ് നിർമ്മാണം (66/21) |
| അടങ്കൽ തുക | 384474 (MGR) |
| കരാറുകാരൻ | കെ.ബിജു, കരകാലിൽ |
| കരാർ തുക | 343280.63 |
| എം.ബുക്ക് നം | 28/19-20 |
| ഫൈനൽ ബിൽ തുക/ ബിൽ നം/തീയതി | 357000, 28/20-21/25-01-21 |

2020-21 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പനയ്ക്കൽ പടി മില്ലിൽ പടി റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ താഴെപ്പറയുന്ന മൂന്നിനങ്ങളായിരുന്നു ഉൾപ്പെടുത്തിയിരുന്നത്.

1) Dismantling D.R - 75 M3

2) Surface Dressing Of The Ground - 344.43 M2

3) Construction Of Plain Cement Concrete Pavement - 51.665 M3

എസ്റ്റിമേറ്റ് റിപ്പോർട്ട് അനുസരിച്ച് 9-ാം വാർഡിലെ ടി റോഡിന്റെ 30 മീറ്ററിലുള്ള സംരക്ഷണഭിത്തി ഇളക്കി മാറ്റുന്നതിനും 1:2:4 അനുപാതത്തിൽ മോർദ് റോഡ് സ്പെസിഫിക്കേഷൻ പ്രകാരം റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് ലക്ഷ്യമിട്ടിരുന്നത്.

ടി പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ഐറ്റം പ്രതി ഏറ്റവും കുറഞ്ഞ നിരക്ക് 343280.63 രൂപ ക്വോട്ട് ചെയ്ത ശ്രീ.കെ.ബിജു, കരകാലിൽ എന്നയാളിന്റെ ടെണ്ടർ അംഗീകരിച്ച് ടിയാനുമായി 04-08-2020-ൽ അസിസ്റ്റന്റ് എഞ്ചിനിയർ കരാറിലേർപ്പെട്ടു. 24-09-2020-ൽ പ്രവൃത്തി പൂർത്തീകരിച്ച് 318750 രൂപ പ്രവൃത്തിമൂല്യം കണക്കാക്കി 12% ജി.എസ്.ടി കൂടി ഉൾപ്പെടുത്തി 357000 രൂപ ഫൈനൽ ബിൽ തുക കണക്കാക്കി നിയമ പ്രകാരമുള്ള നികുതികൾ കഴിച്ച് കരാറുകാരന് 344248 രൂപ നൽകിയിട്ടുണ്ട്.

എഗ്രിമെൻറ് ഷെഡ്യൂൾ അനുസരിച്ച് ടി മൂന്ന് ഇനങ്ങൾ നടപ്പാക്കി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനാണ് കരാർ നൽകിയത്. എന്നാൽ അളവ് പുസ്തകം അനുസരിച്ച് ടി ഒന്നാം ഇനമായ D.R കെട്ട് പൊളിച്ചു മാറ്റൽ പ്രവൃത്തി ചെയ്തിട്ടില്ലാത്തതായി കണ്ടു. ടി പ്രവത്തിയുടെ നേരിട്ടുള്ള ഭൗതിക പരിശോധനയിൽ റോഡിലേക്ക് ഇറങ്ങി നിന്നിരുന്ന സംരക്ഷണഭിത്തി വസ്തു ഉടമ നേരിട്ട് പൊളിച്ച് പുറകോട്ട് മാറ്റി കെട്ടിയതായി ബോധ്യപ്പെട്ടു. റോഡിലേക്ക് ഇറക്കി അനധികൃതമായി കെട്ടിയ സംരക്ഷണഭിത്തി സംബന്ധിച്ച് ഗ്രാമപഞ്ചായത്തുമായി തർക്കം നിലനിന്നിരുന്നതായും കയ്യേറ്റം സംബന്ധിച്ച് മുൻസിഫ് കോടതിയിൽ കേസുണ്ടായിരുന്നതായും ആയത് വിധിയായിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ പരിശോധനാ വേളയിൽ അറിയച്ചു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് താഴെപ്പറയുന്ന വിവരങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടിയായി നൽകി.

ടി റോഡിലെ കയ്യേറ്റം സർക്കാർ റോഡ് പുറമ്പോക്കാണ്. അടൂർ താലൂക്ക് അഡീഷണൽ തഹസീൽദാരുടെ D1-80/16/2009 Dtd. 10-06-2010 പ്രകാരമുള്ള റിപ്പോർട്ടിൽ താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തി നൽകിയിട്ടുള്ള കയ്യേറ്റം ആകെ 64 ചതുരശ്ര മീറ്ററാണ്. കയ്യേറ്റം നടത്തിയ വസ്തു ഉടമകൾ താഴെപ്പറയുന്നവരായിരുന്നു.

| വസ്തു ഉടമയുടെ പേര് | വില്ലേജ് | സർവ്വേ നം./പുറമ്പോക്ക് വഴി കൈവശം വച്ചിരിക്കുന്ന ഭാഗത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| നടുവിലേ മുറിയിൽ വട്ടടിയിൽവീട്ടിൽ ഐസക് മകൾ ഏലിയാമ്മ തോമസ് | പന്തളം തെക്കേക്കര | 138/8, 16 ചതുരശ്ര മീറ്റർ |
| നടുവിലേ മുറിയിൽ വട്ടടിയിൽ വട്ടടിയിൽ വില്ലയിൽ ജോർജ് മകൻ വി.ജി.വർഗ്ഗീസ് ഭാര്യ എൽസു ജോർജ് വർഗ്ഗീസ് | -ടി- | 138/6, 15 ചതുരശ്ര മീറ്റർ |
| കണയന്നൂർ താലൂക്കിൽ ഫോർട്ട് കൊച്ചി വില്ലേജിൽ വടക്കടത്ത് എ.എം.രഞ്ജിത് ഭാര്യ ബീന ജോർജ്ജ് എന്ന ബീന രഞ്ജിത് | -ടി- | 138/5 (33 ചതുരശ്ര മീറ്റർ) |
| കണയന്നൂർ താലൂക്കിൽ ഫോർട്ട് കൊച്ചി വില്ലേജിൽ വടക്കടത്ത് വീട്ടിൽ വി.സി.മാത്യു മകൻ പി.എം.രഞ്ജിത് | -ടി- | 138/5-1 |

റീസർവ്വേ 138/8-ൽ പ്പെട്ട 1 മീറ്റർ മുതൽ 50 സെന്റി മീറ്റർ വരെ വീതിയുള്ളവഴിയിൽ മതിൽ നിർമ്മിച്ചിട്ടുള്ളതായും ടി വഴി പഞ്ചായത്ത് വഴിയാണെന്നും പന്തളം തെക്കേക്കര വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ ശ്രീ.അജി തോമസ് ഫിലിപ്പ് പരാതി നൽകിയിട്ടുള്ളതിനാൽ അടിയന്തിരമായി അനധികൃത നിർമ്മാണം തടഞ്ഞ് പരിഹരിക്കണമെന്നും അടൂർ ആർ.ഡി.ഒ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിനായി ഗ്രാമ പഞ്ചായത്ത് ബന്ധപ്പെട്ട കക്ഷികൾക്ക് (1. എൽസു ജോർജ് വർഗ്ഗീസ് & വി.ജി.വർഗ്ഗീസ്, നടുവിലേ മുറിയിൽ വടക്കേ മേലേതിൽ മില്ലിൽ ഉമ്പമൺ, 2. ഏലിയാമ്മ തോമസ്, നടുവിലേമുറിയിൽ വട്ടവടിയിൽ വീട്) 07-09-2013-ൽ നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസിൽ അനധികൃത നിർമ്മാണം ഒഴിപ്പിക്കുന്നതിനുള്ള ചെലവ് കയ്യേറ്റക്കാരിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിരുന്നു. അനധികൃത നിർമ്മാണം ഒഴിപ്പിക്കുന്നതിന് 26-09-2013-ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റി VIII(1) ാം നമ്പർ തീരുമാനം കൈക്കൊണ്ടിരുന്നു.

ടി നോട്ടീസിനെതിരെ ശ്രീമതി.ഏലിയാമ്മ തോമസ് & C.V തോമസ്, നടുവിലേമുറിയിൽ വട്ടവടിയിൽ വീട് വാദിയായി

പത്തനംതിട്ട ജില്ലാ കളക്ടർ, അടൂർ R.D.O, തഹസിസദാർ, അടൂർ, വില്ലേജ് ഓഫീസർ, പന്തളം തെക്കേക്കര, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, അജി.റ്റി തോമസ്, ബാബു വർഗ്ഗീസ് എന്നിവർ പ്രതികളായി അടൂർ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത O.S 378/13ാം നമ്പർ കേസും എൽസു ജോർജ് വർഗ്ഗീസ് & വി.ജി.വർഗ്ഗീസ് എന്നിവരുടെ മാതാവ് മറിയാമ്മ ജോർജ്ജ് വാദിയായി തുമ്പമൺ ഗ്രാമപഞ്ചായത്ത് ഓഫീസ്, ഗ്രാമപഞ്ചയത്ത് സെക്രട്ടറി എന്നിവർ പ്രതികളായി അടൂർ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത O.S 373/13ാ നമ്പർ കേസും പ്രതികൾക്ക് അനുകൂലമായാണ് വിധിയായിട്ടുള്ളത്.

O.S 378/13-ാം നമ്പർ കേസിന്റെ 03-06-17-ലെ വിധി പകർപ്പിൽ വാദികൾക്ക് അവരുടെ വാദം തെളിയിക്കുന്നതിന് ഉപോൽബലകമായ തെളിവുകൾ ഒന്നും തന്നെ ഹാജരാക്കുവാൻ സാധിക്കാത്തതിനാൽ ഒന്ന് മുതൽ ഒൻപത് വരെയുള്ള പ്രതികൾക്ക് കോടതി ചെലവ് നൽകുന്നതിന് വാദിയോട് നിർദ്ദേശിച്ച് കേസ് തീർപ്പായി. O.S 373/13-ാം നമ്പർ കേസിന്റെ 06-07-17-ലെ വിധി പകർപ്പിൽ വാദികൾ കോടതിയിൽ ഹാജരാകാഞ്ഞതിനാൽ ഒന്നും രണ്ടും പ്രതികൾക്ക് കോടതി ചെലവ് നൽകുന്നതിന് വാദിയോട് നിർദ്ദേശിച്ചിച്ച് കേസ് തീർപ്പായി.

"അനധികൃത നിർമ്മാണം പൊളിച്ചുമാറ്റണമെന്നും അല്ലാത്ത പക്ഷം ഇനി ഒരറിയിപ്പ് കൂടാതെ തന്നെ നിർമ്മാണം പൊളിച്ച് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ആയതിലേക്കുള്ള ചെലവ് ബന്ധപ്പെട്ട കക്ഷികളിൽ നിന്നും നിയമ പ്രകാരം ഈടാക്കുന്നതായിരിക്കും" എന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നോട്ടീസിനെതിരെയാണ് വസ്തു ഉടമകൾ കേസ് നൽകിയതും വിധിയായതും. കേസ് വിധി പുറപ്പെടുവിച്ച് മൂന്നും വർഷമായിട്ടും അനധികൃത നിർമ്മാണം പൊളിച്ചെടുക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കാതിരുന്നത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്.

2020-21 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പനയ്ക്കൽ പടി മില്ലിൽ പടി റോഡ് കോൺക്രീറ്റ് ചെയ്യൽ എന്ന പ്രവൃത്തിയ്ക്കായി ഗ്രാമപഞ്ചായത്ത് സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനിയർ സൈറ്റ് പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ പ്രസ്തുത അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നത് ടി പ്രവൃത്തിയുടെ ഒരിനമായി ഉൾപ്പെടുത്തുകയും 30 മീറ്റർ നീളത്തിൽ 75 M3 DR കെട്ട് പോളിച്ചുമാറ്റണമെന്ന് സാക്ഷ്യപ്പെടുത്തുകയും ആയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ അഗീകരിച്ചിട്ടുമുള്ളതാണ്. കരാറുകാരനായ ബിജു കരകാലിന് 04-08-2020-ൽ സൈറ്റ് കൈമാറുകയും ചെയ്തതാണ്. എന്നാൽ ടി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് DR കെട്ട് പൊളിച്ച് മാറ്റിയ ഇനം അളവ് പുസ്തകത്തിൽ ഉൾപ്പെടുത്തിയട്ടില്ല. ടി ഇനം എഗ്രിമെന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തി കരാറുകാരന് സൈറ്റ് കൈമാറിയ സ്ഥിതിക്ക് പ്രസ്തുത DR കെട്ട് പൊളിച്ച് മാറ്റുന്നതിന് കരാറുകാരനും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തും ഒരുപോലെ ബാധ്യസ്ഥരായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ നിഷ്ക്രിയത്വം പാലിച്ചതായും വസ്തു ഉടമ തന്നെ പൊളിച്ചുമാറ്റി മതിൽ പുനഃ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും മൗനാനുവാദം ഉണ്ടായതായും ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ പേമാരിയുടെ കുത്തൊഴുക്കിൽ നാശോന്മുഖയായ മതിലായിരുന്നെന്നും ഏതാനും കാട്ടുകല്ലുകൾ മാത്രമാണ് അവശേഷിച്ചിരുന്നതെന്നുമാണ്. ആയത് അസിസ്റ്റന്റ് എഞ്ചിനിയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിലും ഡീറ്റയിൽഡ് എസ്റ്റിമേറ്റിലും പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് വിരുദ്ധവുമാണ്. പ്രസ്തുത മറുപടിയോട് ഓഡിറ്റിന് യോജിക്കാൻ കഴിയില്ല.
1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടം3 ഉപ ചട്ടം2(1) പ്രകാരം സംരക്ഷണ ഭിത്തി പൊളിച്ചു മാറ്റുന്നതിനുള്ള ചെലവും ആയിരം രൂപയിൽ കുറയാതെയുള്ള പിഴയും കയ്യേറ്റക്കാരിൽ നിന്നും ഈടാക്കിക്കൊണ്ട് ടി ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം റബിൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കാതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് വരവിനത്തിൽ നഷ്ടമുണ്ടായി. പൊതുമരാമത്ത് വകുപ്പിലെ പ്രാക്ടീസ് അനുസരിച്ച് പൊളിച്ച മാറ്റിയ പാറയുടെ 40 മുതൽ 50 ശതമാനം പുനഃ നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്. ആയതിന്റെ ശരാശരി 45% എന്ന് കണക്കാക്കിയാൽ പോലും ടി 75 ക്യൂബിക് മീറ്റർ DR പൊളിച്ച് മാറ്റുന്നതിൽ നിന്നും 33.75 ക്യൂബിക് മീറ്റർ റബിൾ ഗ്രാമപഞ്ചായത്തിന് ലേലം ചെയ്ത് മുതൽ കൂട്ടാമായിരുന്നു. കേസ് വിധി പഞ്ചായത്തിന് അനുകൂലമായിരുന്നിട്ടും നടപടിക്രമങ്ങളിലെ കാലതാമസവും വീഴ്ച്ചയും മൂലം ഗ്രാമ പഞ്ചായത്തിന് നഷ്ടമുണ്ടായ വിവരം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 ഡെപ്പോസിറ്റ് പ്രവൃത്തികൾ- ബാലൻസ് തുക തിരികെ ഈടാക്കിയില്ല

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായതിൽ ബാലൻസ് തുക തിരികെ ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. തുക തിരികെ ഈടാക്കിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.18/26.03.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | നിക്ഷേപിച്ച തുക | ഏജൻസി | അവശേഷിക്കുന്ന തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 6/2016, പൈപ്പ് ലൈൻ നീട്ടൽ | 220000 | കേരള വാട്ടർ അതോറിറ്റി | 14440 |
| 2 | 99/2017, ഗവ.യു പി സ്കൂൾ വയറിംഗ് | 223000 | പൊതുമരാമത്ത് വകുപ്പ് | 41189 |
| 3 | 29/2021, അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ | 400000 | വാട്ടർ അതോറിറ്റി | 85600 |
| 4 | ബാബു വിളപ്പടി - ഐക്കരപ്പടി- മലപ്പുറം റോഡ് | 89000 | വാട്ടർ അതോറിറ്റി | 2703 |

## 1-28 ലൈബ്രറി സെസ്സ് ഒടുക്കിയില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം 2020-21 സാമ്പത്തിക വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പഞ്ചായത്ത് അടവാക്കാൻ അവശേഷിക്കുന്നത് 103655 രൂപയാണ്. 2019-20 സാമ്പത്തിക വർഷത്തിന് ശേഷം ലൈബ്രറി സെസ്സ് ഇനത്തിൽ പഞ്ചായത്ത് പിരിച്ചെടുത്ത തുകയൊന്നും തന്നെ ലൈബ്രറി കൗൺസിലിൽ ഒടുക്കിയിട്ടില്ല.

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30-നകവും, രണ്ടാം ഗഡു നവംബർ 30-നകവും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും, ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കുന്നതുമാണെന്ന് 20.09.05-ലെ 10088/എൽ.3 /05/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്.

പ്രസ്തുത വിഷയത്തിൽ അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതും അടവാക്കാൻ അവശേഷിക്കുന്ന തുക ലൈബ്രറി കൗൺസിലിൽ അടവാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-29 ബിറ്റുമിൻ എമൽഷൻ വാങ്ങി ഉപയോഗിച്ചതിന്റെ അസ്സൽ ബിൽ ഹാജരാക്കിയില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പഞ്ചായത്ത് ജം. ചുമട്ട്കാവ് റോഡ് നവീകരണം (126/20, 94/21) |
| അടങ്കൽ | 575693 |
| കരാറുകാരൻ | കെ.ജെ.ബിജു |
| എം.ബുക്ക് | 3/19-20 |
| ടെണ്ടർ തുക | 555513.17 |
| പ്രവൃത്തിമൂല്ല്യം | 503450 |
| ഫൈനൽ ബിൽ തുക | 563864 |
| ബിൽ നം/തീയതി/തുക | 20050652013400422762/17-04-20<br>300000/-<br>20050652013400422762/13-08-20<br>263432/- |

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടി റീടാറിംഗ് പ്രവൃത്തിക്ക് ആവശ്യമായ RS1ബിറ്റുമിൻ എമൽഷൻ വാങ്ങി ഉപയോഗിച്ചതിന്റെ അസ്സൽ ബിൽ ഹാജരാക്കാതെ പ്രവൃത്തി മൂല്ല്യമനുസരിച്ച് ആവശ്യമായ ബിറ്റുമിൻ എമൽഷന്റെ വില ഫൈനൽ ബിൽ പ്രകാരം നൽകിയത് ക്രമ വിരുദ്ധം.

ടി റീടാറിംഗ് പ്രവൃത്തിക്ക് ആവശ്യമായ S-65 ബിറ്റുമിൻ കരാറുകാരന്റെ പേരിൽ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ RS1 ബിറ്റുമിൻ എമൽഷൻ വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കുന്നതിന് പകരം ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് കോപ്പി ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ പ്രകാരമുള്ള തുക നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. ടി പ്രവൃത്തിയിലെ വിവിധ ടാറിംഗ് ഇനങ്ങൽക്കായി ആവശ്യമായ S-65 ബിറ്റുമിൻ 2176.25 കിലോഗ്രാമും RS1-Emulsion 269.42 കിലോഗ്രാമുമാണ്. കൊച്ചി BPCL നിന്നും 16 ബാരൽ S-65 ബിറ്റുമിൻ വാങ്ങിയതിന്റെ അസ്സൽ ബിൽ ബാജരാക്കിയിട്ടുണ്ട്. എന്നാൽ ഹിന്ദുസ്ഥാൻ കൊളാസിൽ നിന്നും RS1-Emulsion 2 ബാരൽ വാങ്ങിയതിന്റെ ബിൽ (നം.4210102497/11-02-20) ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റാണ് ഹാജരാക്കിയിട്ടുള്ളത്. ആവശ്യമായത്ര RS1 ബിറ്റുമിൻ എമൽഷൻ വാങ്ങിയതിന്റെ അസ്സൽബിൽ

ഹാജരാക്കാത്ത സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ 2-ാം ഇനമായ "Providing And Applying Tack Coat With Bitumen Emulsion (RS1) Distributed At The Rate 0.25 To 0.30 Kg/sq.m ........ എന്ന പ്രവൃത്തിക്ക് ഒരു ചതുരശ്ര മീറ്ററിന് 12 രൂപ ക്രമത്തിൽ 979.770 ചതുരശ്ര മീറ്റർ ചെയ്തതിന് കരാറുകാരന് നൽകിയ 11757 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 229500 | 10/2021, നെൽകൃഷി | 229500 | 0 |
| | 306000 | 78/2021, നെൽകൃഷി വികസന പദ്ധതി | 306000 | 0 |
| | 153000 | 79,2021, നെൽകൃഷി വികസന പദ്ധതി | 153000 | 0 |
| | 170000 | 132/2021, സുഭിക്ഷ കേരളം പദ്ധതി - ഇടവിളക്കൃഷി | 170000 | 0 |
| | 54965 | 90/2021, ലൈഫ് മിഷൻ ഭവന പദ്ധതി(ജനറൽ) | 54965 | 0 |
| | 50000 | 39/2021, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 50000 | 0 |
| | 50000 | 85/2021, അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി | 50000 | 0 |
| | 61744 | 17/2021, ലൈഫ് ഭവന നിർമ്മാണ പദ്ധതി | 61744 | 0 |
| | 300000 | 07/2021, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| | 75000 | 13/2021, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (എസ്സ് സി) | 75000 | 0 |
| ജില്ലാപ്പഞ്ചായത്ത് | 74980 | 78/21, നെൽകൃഷി വികസന പദ്ധതി (ജനറൽ) | 74980 | 0 |
| | 75000 | 79/21, നെൽകൃഷി വികസന പദ്ധതി (എസ്സ് സി) | 75000 | 0 |
| | 100000 | 116/21, പാലിയേറ്റീവ് കെയർ | 100000 | 0 |
| | 43035 | 90/2021, ലൈഫ് ഭവന | 43035 | 0 |

| | | | | |
|---|---|---|---|---|
| | | നിർമ്മാണ പദ്ധതി | | |
| | 200000 | 39/2021, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| | 100000 | 85/21, അങ്കണവാടി പോഷകാഹാര പരിപാടി | 100000 | 0 |
| | 114856 | 9/21, ലൈഫ് ഭവന പദ്ധതി (ജനറൽ) | 114856 | 0 |
| | 40000 | 07/2021, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 40000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നമ്പർ, പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ചെക്ക് നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 29/21, അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ നൽകൽ | 20050652012800569461, 29/09/2020 | 400000 | 0 | 400000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39857584 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36201640 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11757 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 11757 | ബികാസ്.ജി.എസ്, അസിസ്റ്റന്റ് എഞ്ചിനിയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| | | |
|---|---|---|
| ബികാസ്.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ തുമ്പമൺ ഗ്രാമപഞ്ചായത്ത് | തോടിയിൽ മേലേതിൽ മൈലക്കാട് പി.ഒ കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ/പി3-254/99 തീയതി: 11.08.00/03.10.00 | 25(2), 25(5) |
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി3-658/01 തീയതി: 25.03.02 | - |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി2-624/03 തീയതി: 08.01.04/05.05.04 | 10(2) |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി4-385/06 തീയതി: 16.09.06/05.02.07 | 2-3 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി4-122/08 തീയതി:09.10.09/20.01.09 | 3-3, 3-4, 3-13, 3-14, 3-5(6), 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി4-466/09 തീയതി:08.09.09/09.08.10 | 3-2, 3-5, 3-8, 3-9, 3-10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി7-786/09 തീയതി: 28.08.11 | 3-5, 3-6, 3-8 മുതൽ 3-17 വരെ, 3-20 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി7-71/10 തീയതി: 03.09.11 | 3-6, 3-7, 3-7, 3-8, 3-9, 3-13 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി-7-202/10 തീയതി: 04.10.10 | 2-1, 3-4 മുതൽ 3-11 വരെ, 3-13, 3-14, 3-15 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി-5-762/10 തീയതി: 16.08.11 | (3-9, 3-11, 3-13, 3-15, 3-16 ,3-17) |
| 2009-10 | എൽ.എഫ്.പി.റ്റി.എ/പി-5-201/11 തീയതി: 06.11.11/04.12.12 | 2-1(ബി), 3-4, 3-8, 3-9, 3-11 |
| 2010-11 | എൽ.എഫ്.പി.റ്റി.എ/പി5-113/12 തീയതി: 15.03.12/24.04.12 | 3-2, 3-4, 3-6, 3-10(2)(3) |

| | | |
|---|---|---|
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ/പി11-48/14 തീയതി: 08.04.14/10.11.14 | 3-2, 3-4, 3-6, 3-10(2)(3)(2-4), 3-2(2), 3-2(3), 3-2(4), 3-2(5), 3-2(6), 3-2(7), 3-4(1), (3-18), (2-2(3), 2-3, 2-4, 3-2(2), 3-6, 3-9) |
| 2013-14 | എൽ.എഫ്.പി.റ്റി.എ/പി6-421/15 തീയതി: 08.06.15 | 2-2(3), 2-3, 2-4, 3-2(2), 3-6, 3-9 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ/പി11848/16 തീയതി: 26.07.16 | (3-1, 3-8, 3-9, 4-2) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ /പി11/1360/16 തീയതി: 09.12.16 | 2-1, 2-3, 2-5, 3-6, 3-7,3-8, 3-10, 4-1 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ /പി11/1360/16 തീയതി: 09.12.16 | 1-3, 2-1, 2-2, 2-3, 2-4, 3-4, 3-5, 3-9, 3-11, 4-1, 4-7, 4-8 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ /പി11/1384/18 തീയതി: 24.10.2018 | 1-13, 2-2, 2-3, 2-5, 3-4, 3-5, 3-6, 3-7, 3-9, 3-12, 3-13, 3-15, 3-17, 4-2, 4-10, 4-11 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി.11/623/2019 തീയതി: 16.08.2019 | 1-12, 2-1, 2-2, 2-3, 2-4, 2-5, 3-3, 3-5, 3-6, 3-10, 4-10, 4-11 |
| 2019-20 | കെ.എസ്.എ.പി.ടി.എ.പി.11/230/2021 തീയതി: 09.04.2021 | 1-17, 4-3, 4-10, 4-11 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്